പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2136 **26-10-2026-ൽ മറുപടിയ്ക്ക്**

ലൈഫ് മിഷൻ ഫ്ലാറ്റുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ടി. ജെ. വിനോദ്

ശ്രീമതി രമ്യ ഹരിദാസ്

ശ്രീ. സന്ദീപ് വാര്യർ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) കൊച്ചിയിലെ കൂടാതെ കോഴിക്കോടിലേയും ലൈഫ് മിഷൻ ഭവന സമുച്ചയത്തിന്റെ നിർമ്മാണത്തെക്കുറിച്ച് പരാതി ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത പദ്ധതിക്ക് കീഴിലെ നിർമ്മാണങ്ങളെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തുമോ; വ്യക്തമാക്കാമോ;

മറുപടി: നിലവിലുള്ള പരാതികൾ പരിശോധിച്ചു നടപടികൾ സ്വീകരിച്ചു വരികയാണ്.

(ബി) ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറിയ ഫ്ലാറ്റുകളെയും വീടുകളെയും സംബന്ധിച്ചും നിർമ്മാണം പുരോഗമിക്കുന്നവയെ സംബന്ധിച്ചും പരാതികളുണ്ടോ; വിശദമാക്കുമോ;

മറുപടി: ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറിയ ഭവനസമുച്ചയങ്ങളിലെ ചോർച്ചയുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളിൽ നിന്നും, നിർമ്മാണം പുരോഗമിക്കുന്ന ഭവനസമുച്ചയങ്ങളിലെ മന്ദഗതിയിലുള്ള പ്രവർത്തന പുരോഗതി സംബന്ധിച്ചും പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) മുൻ സർക്കാരിന്റെ കാലത്ത് ഗുണഭോക്താക്കൾക്ക് കൈമാറിയ ചില പ്രധാന സമുച്ചയങ്ങളിലടക്കം ചോർച്ച, ഭിത്തികളിലെ വിള്ളലുകൾ, നിലവാരമില്ലാത്ത നിർമ്മാണ സാമഗ്രികളുടെ ഉപയോഗം, പ്ലംബിങ് - വൈദ്യുതീകരണ തകരാറുകൾ എന്നിവ സംബന്ധിച്ച് വ്യാപക പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

മറുപടി: ലൈഫ് മിഷന്റെ മേൽനോട്ടത്തിൽ 4 ഫ്ളാറ്റുകൾ നിർമ്മാണം പൂർത്തീകരിച്ചും ഒരെണ്ണം വിലയ്ക്ക് വാങ്ങിയും ഗുണഭോക്താക്കൾക്ക് കൈമാറി യിട്ടുണ്ട്. ഈ ഭവനസമുച്ചയങ്ങളിലെ ചോർച്ച സംബന്ധിച്ച് പരാതികൾ ഗുണഭോക്താക്കളിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ഡി) നിർമ്മാണത്തിൽ അപാകത കണ്ടെത്തുന്ന പക്ഷം കരാറുകാർക്കെതിരെ കർശന നടപടിയെടുക്കാനും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടാനും നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ?

മറുപടി: നിർമ്മാണത്തിൽ അപാകത കണ്ടെത്തുന്ന പക്ഷം കരാറുകാർക്കെതിരെയും ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ